"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളോത്സവം - 2023ലെ കേരളോത്സവത്തിന് കണ്ണൂർ ജില്ലാ പഞ്ചായത്തിന് അനുവദിച്ചിരുന്ന തുകയ്ക്ക് പുറമെ തനത് ഫണ്ടിൽ നിന്നും 1,94,643/- രൂപ ചെലവാക്കിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1726/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 1753/2023/തസ്വഭവ തീയതി 26/08/2023.
2. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14/03/2024-ലെ ബി5/3844/24 നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/03/2025-ലെ LSGD/PD/18574/2024-DPLA4 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലാ പഞ്ചായത്തിന് 2023 കേരളോത്സവം നടത്തിപ്പിനായി പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന തുക കൂടാതെ അധികമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2,02,184/ രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) എന്നാൽ, 2023 കേരളോത്സവം നടത്തിപ്പിനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 1,94,643/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 കേരളോത്സവത്തിന് കണ്ണൂർ ജില്ലാ പഞ്ചായത്തിന് അനുവദിച്ചിരുന്ന തുകയ്ക്ക് പുറമെ 1,94,643/- രൂപ **(ഒരു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അറുനൂറ്റി നാൽപ്പത്തിമൂന്ന് രൂപ മാത്രം)** തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്, സിവിൽ സ്റ്റേഷൻ പി.ഒ., കണ്ണൂർ - 670002
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഐ.എ.2/43/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 11-07-2025 16:59:08

സെക്ഷൻ ഓഫീസർ